**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 931** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സൗഹൃദ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇക്കോ ടൂറിസം കേന്ദ്രങ്ങളെ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | ഇക്കോ ടൂറിസം കേന്ദ്രങ്ങളെ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കി മാറ്റുന്നതിന് നിലവിൽ ചുവടെച്ചേർക്കുന്ന സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>• വീൽ ചെയർ ഉപയോഗിക്കുന്ന ഭിന്നശേഷിക്കാരായ വിനോദ സഞ്ചാരികൾക്ക് വീൽ ചെയറും, റാംപ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>• ഭിന്നശേഷി സൗഹൃദ ടോയിലറ്റുകൾ, വാഷ് റൂമുകൾ, പ്രത്യേക ഇരിപ്പിടങ്ങൾ, നടപ്പാതകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.<br><br>• ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്ക് എല്ലാ വിധത്തിലുമുള്ള സഹായം ലഭ്യമാക്കുന്നതിന് വേണ്ടി പ്രത്യേക പരിശീലനം നേടിയ ഗൈഡുകളുടെ സേവനം സജ്ജമാക്കിയിട്ടുണ്ട്. ഇവരെ സഹായിക്കുവാനായി സ്റ്റാഫുകൾക്ക് അവബോധന ക്ലാസ്സുകളും നൽകി വരുന്നുണ്ട്.<br><br>• ടിക്കറ്റ് എടുക്കുന്നതിനും മറ്റുമുള്ള ക്യൂവിൽ നിന്ന് ടിയാളുകളെ ഒഴിവാക്കി ടിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ